**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *218.** **09.03.2017 ന് മറുപടിയ്ക്ക്**

**മദ്യവിമുക്ത കേരളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.റോജി എം. ജോൺ<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, വി.ഡി.സതീശൻ<br>,, അൻവർ സാദത്ത് : | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച മദ്യവിമുക്ത കേരളം പരിപാടിയുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ; | (എ) | ജി.ഒ.(എം.എസ്)നമ്പർ.107/2016 തീയതി 17.12.2016 പ്രകാരം മദ്യവിമുക്ത കേരളം പദ്ധതി "സുബോധം" അവസാനിപ്പിച്ച് ഉത്തരവായിട്ടുണ്ട്.ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ 'വിമുക്തി' രൂപീകരിച്ചും ആയതിന്റെ മാർഗ്ഗരേഖകൾ പ്രഖ്യാപിച്ചും 06.10.2016 ലെ ജി.ഒ.(എം.എസ്) നമ്പർ.94/2016/നി.വ. സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | സ്കൂൾ കോളേജ് കാമ്പസ്സുകളിൽ മദ്യാസക്തിക്കെതിരെ ബോധവൽക്കരണം നടത്തുന്നതിനും മദ്യവിരുദ്ധ പ്രചരണ പരിപാടികൾ എല്ലാ കുടുംബങ്ങളിലും എത്തിക്കുന്ന തിനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ബി) | മദ്യത്തിന്റെയും ലഹരി പദാർത്ഥങ്ങളുടെയും ദൂഷ്യവശങ്ങളെ സംബന്ധിച്ച് വിദ്യാർത്ഥികളേയും യുവജനങ്ങളേയും ബോധവത്ക്കരിക്കുന്നതിന് സ്കൂളുകളിലും കോളേജുകളിലും ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തുകയുണ്ടായി. തുടർന്നും എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ മറ്റ് സന്നദ്ധ സംഘടനകളുമായി ചേർന്ന് നിരവധി ബോധ വത്ക്കരണ പരിപാടികൾ സംഘടിപ്പിച്ച് വരുകയാണ്. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്., കുടുംബശ്രീ, സംസ്ഥാന |

| | | | |
|---|---|---|---|
| | | | ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിവരുടെ പങ്കാളിത്തത്തോടുകൂടി ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ 'വിമുക്തി' മുഖേന വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു. 2017 ജനുവരി 30 ന് എല്ലാ സ്കൂളുകളിലും ലഹരിവിരുദ്ധ പ്രതിജ്ഞ നടത്തുകയുണ്ടായി. 2017 മാർച്ച് 8 മുതൽ മാർച്ച് 31 വരെയുള്ള തീയതികളിൽ സംസ്ഥാനത്തെ എല്ലാ വീടുകളും സന്ദർശിച്ച് 'വിമുക്തി' സ്റ്റിക്കർ പതിക്കുന്നതിനും ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ തുടർന്നും സജീവമായി മുന്നോട്ട് കൊണ്ടുപോകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |
| (സി) | ഇതിന്റെ ഫലമായി മദ്യ ഉപയോഗത്തിൽ കുറവുണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം കുറവുണ്ടായി? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷമുള്ള ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെയും വൈവിധ്യമാർന്ന ലഹരി വിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങളുടെയും ഭാഗമായി 2016 ജൂൺ മുതൽ 2017 ജനുവരി വരെയുള്ള കാലയളവിലെ ബിയർ വിൽപ്പനയിൽ മുൻ വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 32% ത്തിന്റെ കുറവും, വിദേശമദ്യത്തിന്റെ വിൽപ്പനയിൽ 2.56% ത്തിന്റെ വർദ്ധനവും കാണുന്നു. |

സെക്ഷൻ ഓഫീസർ